**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 132** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാപ്പ സെല്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിന്റെ കാപ്പ സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടില്ല. |
| (ബി) | കാപ്പ ചുമത്തി നാട്ടുകടത്തിയ ഗുണ്ടകളെ നിരീക്ഷിക്കുവാനും അവർ സ്വന്തം ജില്ലയിൽ കടക്കുന്നില്ലെന്ന് ഉറപ്പാക്കുവാനും സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>കാപ്പ ചുമത്തി നാട്ടുകടത്തിയ സാമൂഹ്യ വിരുദ്ധ പ്രവർത്തകർ സ്വന്തം ജില്ലയിൽ പ്രവേശിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നാട്ടുകടത്തപ്പെട്ടവരുടെ വിവരങ്ങൾ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനിലും അറിയിച്ചുവരുന്നു. ഇവരുടെ വാസസ്ഥലം സ്ഥിരമായി നിരീക്ഷിക്കുന്നതിനും മൊബൈൽ ഫോൺ ലൊക്കേഷൻ സമയബന്ധിതമായി പരിശോധിക്കുന്നതിനും അതാത് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും ജില്ലകളിലെ രഹസ്യാന്വേഷണ വിഭാഗവും നാട്ടുകടത്തപ്പെടുന്നവർ ജില്ലയിൽ പ്രവേശിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചു വരുന്നുണ്ട്. |
| (സി) | ഓപ്പറേഷൻ കാവൽ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (സി) | പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഡി) | 2016 മുതൽ 2022 വരെ കാപ്പ ചുമത്തിയ ഗുണ്ടകളുടെ എണ്ണം, നാട്ടുകടത്തിയ ഗുണ്ടകളുടെ എണ്ണം എന്നിവ എത്രയെന്ന് അറിയിക്കുമോ? | (ഡി) | ക്രോഡീകരിച്ച പട്ടിക ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ